എന്താണ്

# പക്ഷിപ്പനി



പക്ഷികളെ ബാധിക്കുന്നതും മനുഷ്യരിലേക്ക് പകരാനും പടർന്നു പിടിക്കാനും സാദ്ധ്യതയുള്ളതുമായ ഒരിനം വൈറസ്രോഗമാണ് പക്ഷിപ്പനി. എല്ലായിനം പക്ഷികളേയും ബാധിക്കാമെങ്കിലും വീട്ടിലോ, ഫാമുകളിലോ വളർത്തുന്ന താറാവ്,കോഴി, കാട,വാത്ത തുടങ്ങിയ വയെയാണ് ഈ രോഗം അധികവും ബാധിക്കാറുള്ളത്.

ഏവിയൻ ഇൻഫ്ളുവൻസാ എന്ന പേരിൽ അറിയപ്പെടുന്ന പക്ഷിപ്പനി ഇൻഫ്ളുവൻസാ ടൈപ്പ്-എ എന്ന വൈറസുകളാണ് ഉണ്ടാക്കുന്നത്. ഈ രോഗം ഒരുരാജ്യത്തു നിന്നോ/പ്രദേശത്ത് നിന്നോ മറ്റ് രാജ്യങ്ങളിലേയ്ക്ക്/പ്രദേശങ്ങളിലേയ്ക്ക് പടരുന്നതിന് ദേശാടന പക്ഷികൾ മുഖ്യമായ പങ്ക് വഹിക്കുന്നു. ഇത്തരം പക്ഷികളിൽ നിന്നും വൈറസ് നാടൻ പക്ഷികളിലേക്ക് പകരുകയും ഇത് രോഗമായി മാറുകയും ചെയ്യുന്നു.

പക്ഷികളിൽ രോഗലക്ഷണങ്ങൾ ലഘുവായോ മാരകമായോ കാണപ്പെടാം. കൂടുതലായി തൂവൽകൊഴിയുക, കട്ടികുറഞ്ഞ തോടോടുകൂടിയ മുട്ട ഇടുക, മുട്ട ഇടുന്നത് കുറയുക, മന്ദത, തീറ്റയെടുക്കാൻ മടിക്കുക, പക്ഷിയുടെ പൂവ്, കൊക്ക്, ആട തുടങ്ങിയ ഭാഗങ്ങളിൽ നീലനിറം ഉണ്ടാവുക, വയറിളക്കം, കൺപോളകൾക്കും തലയിലും നീർക്കെട്ട് ഉണ്ടാവുക, നാസാരന്ധ്രങ്ങളിൽ കൂടി രക്തം കലർന്ന സ്രവമുണ്ടാവുക, ശ്വാസതടസ്സം, നടക്കാനും നിൽക്കാനും ഉള്ള ബുദ്ധിമുട്ട്, ശരീരഭാഗങ്ങളിൽ സൂചിപ്പാടുകൾ പോലെയുള്ള രക്തസ്രാവം, ശ്വാസംമുട്ടൽ തുടർന്ന് രോഗം മൂർച്ഛിച്ച് പക്ഷി ചത്തു പോകുന്നു. പക്ഷികളുടെ രക്തം, സ്രവം, ശരീരഭാഗങ്ങൾ എന്നിവയുടെ പരിശോധനയിലൂടെയാണ് രോഗനിർണ്ണയം നടത്തുന്നത്.

രോഗാണുബാധയുള്ള പക്ഷികളുടെ സ്രവങ്ങളിൽകൂടി വൈറസ് പുറത്ത് വരുന്നു. ഇവ വായുവിലൂടെയും, മലിനമാക്കപ്പെട്ട തീറ്റയിലൂടെയും, തുണി, പക്ഷിക്കൂട്, രോഗാണുബാധയുള്ള പക്ഷികളുടെ ഇറച്ചി, മുട്ട, ഇവ കൊണ്ടുപോകുന്ന വാഹനങ്ങൾ ഇവയിലൂടെയൊക്ക അണുബാധയുണ്ടാകാം. ഇവയുമായുള്ള സമ്പർക്കവും വൈറസുകൾ ഉൾക്കൊള്ളുന്ന സൂക്ഷ്മകണികകൾ ശ്വസിക്കുന്നതിലൂടെയുമാണ് രോഗാണു മനുഷ്യശരീരത്തിൽ പ്രവേശിക്കുന്നത്



## പക്ഷികളിൽ നിന്നും പക്ഷിപ്പനി പകരാൻ സാദ്ധ്യതയുള്ളവർ



- ★ പക്ഷികളുടെ ഇറച്ചി, മുട്ട, പക്ഷിവളം തുടങ്ങിയവ കൈകാര്യം ചെയ്യുന്ന ഫാമുകളിലേയും, കച്ചവടകേന്ദ്രങ്ങളിലേയും ജീവനക്കാർ.
- ★ പക്ഷിപ്പനി ബാധിച്ച പ്രദേശങ്ങളിൽ പക്ഷികളെ കൊല്ലുവാൻ നിയോഗിക്കപ്പെടുന്നവർ.
- ★ പക്ഷികളുമായി ഇടപഴകുന്ന വെറ്ററിനറി ജീവനക്കാർ.

## രോഗ ലക്ഷണങ്ങൾ മനുഷ്യരിൽ



ശക്തമായ പനി, ചുമ, തൊണ്ടവേദന, മൂക്കൊലിപ്പ്, തലവേദന, ദേഹവേദന, ക്ഷീണം എന്നിവയാണ് ഇൻഫ്ളുവൻസയുടെ ലക്ഷണങ്ങൾ.ഇതേതുടർന്ന് പലപ്പോഴും രോഗം ഗൗരവതരമാ കുന്നതും ന്യൂമോണിയ പോലുള്ള പ്രശ്നങ്ങളുണ്ടാകുന്നതും മരണകാരണമാകുന്നതാണ്.

## പക്ഷിപ്പനി തടയാൻ



- ★ പക്ഷികൾക്ക് രോഗബാധ ഉണ്ടായാൽ വെറ്ററിനറി ജീവനക്കാരുടേയോ ആരോഗ്യവകുപ്പ് ജീവനക്കാരുടേയോ നിർദ്ദേശങ്ങൾക്കനുസരിച്ച് അവയെ നശിപ്പിക്കുക
- ★ വിസർജ്ജ്യങ്ങൾ അണുവിമുക്തമാക്കിയതിന് ശേഷംകുഴിച്ചിടുക.
- ★ അണുബാധയുള്ള പക്ഷികളുമായോ അവയുടെ വിസർജ്ജ്യം/ജഡം എന്നിവ കൈകാര്യം ചെയ്യുന്നവരും മുഖാവരണം, കൈയ്യുറകൾ, തൊപ്പി, ബൂട്ടുകൾ തുടങ്ങിയവ ധരിച്ച് സുരക്ഷിതരാകുക.
- ★ അറവുശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ ആഴത്തിൽ കുഴിച്ച് മൂടുകയോ കത്തിച്ച് കളയുകയോ ചെയ്യുക.
- ★ പക്ഷികളേയും, മുട്ട, ഇറച്ചി തുടങ്ങിയവയും പക്ഷിപ്പനി ബാധയുള്ള പ്രദേശത്ത് നിന്നും മറ്റ് പ്രദേശങ്ങളിലേക്ക് കൊണ്ടുപോകുന്നത് പൂർണ്ണമായും തടയുക.
- ★ പക്ഷികളുമായുള്ള സമ്പർക്കം എല്ലാവരും കഴിവതും ഒഴിവാക്കുക പ്രത്യേകിച്ചും കുട്ടികൾ. കോഴികൾ, താറാവുകൾ, മറ്റ് പക്ഷികൾ തുടങ്ങിയവയുമായി ഇടപഴകുന്നതും അവയെ പിടിക്കുന്നതും ഒരുമിച്ച് കളിക്കുന്നതും ഒഴിവാക്കണം.
- ★ സംശയാസ്പദമായ പക്ഷിപ്പനി കണ്ടാൽ വെറ്ററിനറി ഉദ്യോഗസ്ഥരെ ഉടൻ വിവരം അറിയിക്കുക.
- ★ പക്ഷികളുടെ ഇറച്ചിയും മുട്ടയും നല്ലവണ്ണം പാചകം ചെയ്ത് മാത്രം ഭക്ഷിക്കുക.